**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി അനുമതികളുടെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വ്യത്യസ്ത വകുപ്പുകൾ കിഫ്ബി ധനസഹായത്തോടെ നിർവഹിക്കുന്ന വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും റിവൈസ്ഡ് ധനാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ; | (എ) | ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭാ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുന്നു. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പ് ലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. പൊതുവിൽ റിവൈസ്ഡ് ധനാനുമതി വേണ്ടി വരുന്ന കിഫ്ബി പദ്ധതികളുടെ ആകെ തുക നിലവിൽ അംഗീകാരം നൽകിയിട്ടുള്ള തുകയുടെ 10%-നു മുകളിലാണെങ്കിൽ തുടർന്നുവരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/കിഫ് ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. ടി പദ്ധതികൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി/ കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി നൽകുന്നു.<br><br>കിഫ്ബി ധനസഹായത്തിലുള്ള പദ്ധതികൾക്ക് പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടാകാറുള്ളത്. |
| (ബി) | നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും അനുമതികൾ വേഗത്തിലാക്കുന്നതിനും നടപടികൾ | (ബി) | ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ? | | പദ്ധതിയായി മന്ത്രിസഭാ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുന്നു. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പ് ലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. പൊതുവിൽ റിവൈസ്ഡ് ധനാനുമതി വേണ്ടി വരുന്ന കിഫ്ബി പദ്ധതികളുടെ ആകെ തുക നിലവിൽ അംഗീകാരം നൽകിയിട്ടുള്ള തുകയുടെ 10%-നു മുകളിലാണെങ്കിൽ തുടർന്നുവരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/കിഫ് ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. ടി പദ്ധതികൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി/ കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി നൽകുന്നു.<br><br>കിഫ്ബി ധനസഹായത്തിലുള്ള പദ്ധതികൾക്ക് പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടാകാറുള്ളത്. |

സെക്ഷൻ ഓഫീസർ